ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.09.2024**

## പ്രധാനവാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബ്രൂണൈ-സിംഗപ്പൂർ സന്ദർശനത്തിന് നാളെ തുടക്കം.**
2. **സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും, സുരക്ഷിതമായ ജീവിതാന്തരീക്ഷം ഉറപ്പു വരുത്താൻ രാജ്യത്തെ നീതിന്യായവ്യവസ്ഥ പ്രതിജ്ഞാബദ്ധമെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്.**
3. **പോലീസ് സേനയിൽ അച്ചടക്ക വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
4. **വയനാട് ഉരുൾപൊട്ടൽ ബാധിത മേഖലകളിലെ സ്കൂളുകളിൽ പുനഃപ്രവേശനോത്സവം മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യു.**
5. **കേര വൃക്ഷങ്ങളുടെ പ്രാധാന്യം ഓർമിപ്പിച്ചുകൊണ്ട് ഇന്ന് ലോക നാളികേര ദിനം.**
6. **രാജ്യത്തിന്റെ മധ്യ - പടിഞ്ഞാറൻ മേഖലയിലും തെക്കൻ സംസ്ഥാനങ്ങളിലും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അസ്ന ചുഴലിക്കാറ്റിന്റെ ശക്തി കുറഞ്ഞ് ന്യൂനമർദ്ദമായി.**

RNUTVPM

**************************************************

## രാഷ്ട്രപതി-മഹാരാഷ്ട്ര സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ മഹാരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. കോലാപ്പൂരിലെ വാരണാനഗറിൽ ശ്രീ വാരണ വനിതാ സഹകരണ സംഘത്തിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. നാളെ പൂനെയിൽ സിംബയോസിസ് ഇന്റർ നാഷണലിന്റെ

21-ാമത് ബിരുദദാന ചടങ്ങിനെ ശ്രീമതി മുർമു അഭിസംബോധന ചെയ്യും. മുംബൈയിൽ നടക്കുന്ന മഹാരാഷ്ട്ര നിയമസഭാ കൗൺസിലിന്റെ ശതാബ്ദി ആഘോഷ ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. ലാത്തൂരിലെ ഉദ്ഗീറിൽ ബുദ്ധ വിഹാർ ഉദ്ഘാടനം ചെയ്യുന്ന രാഷ്ട്രപതി വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച നടത്തും.

**************************************************

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബ്രൂണെ- സിംഗപ്പൂർ സന്ദർശനത്തിന് നാളെ തുടക്കം. മൂന്നു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നാളെ പുറപ്പെടും. ഇരുരാഷ്ട്രങ്ങളുമായും വിവിധ വിഷയങ്ങളിൽ ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയം നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

**************************************************

ഡി.വൈ.ചന്ദ്രചൂഡ്

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും, പ്രത്യേകിച്ച് സ്ത്രീകൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും സുരക്ഷിതമായ ജീവിതാന്തരീക്ഷം ഉറപ്പു വരുത്താൻ നീതിന്യായവ്യവസ്ഥ പ്രതിജ്ഞാബദ്ധമാണെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്. ഇന്നലെ സമാപിച്ച ജില്ലാ ജുഡീഷ്യറിയുടെ ദേശീയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തീർപ്പാക്കാത്ത കേസുകളുടെ എണ്ണം കുറച്ചു കൊണ്ടുവരുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിച്ചതായി ചീഫ് ജസ്റ്റിസ് പറഞ്ഞു.

**************************************************

ജി.എസ്.ടി

രാജ്യത്തെ ജി എസ് ടി വരുമാനം കഴിഞ്ഞ മാസം വരെ 1.75 ലക്ഷം കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ കാലയളവിലെ വരുമാനത്തെക്കാൾ 10 ശതമാനമാണ് വർധന രേഖപ്പെടുത്തിയിരിക്കുന്നത്.

**************************************************

മുഖ്യമന്ത്രി - പോലീസ്

പോലീസ് സേനയിൽ അച്ചടക്ക വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പോലീസിനെ ജനകീയവത്കരിക്കുകയാണ് സർക്കാരിന്റെ നയമെന്നും അദ്ദേഹം പറഞ്ഞു. കോട്ടയത്ത് പോലീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്ന ആരോപണങ്ങൾ ഉന്നത

ഉദ്യോഗസ്ഥൻ പരിശോധിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. കേരളത്തിൽ ക്രമസമാധാനം ഭദ്രമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. സമ്മേളനത്തിന് മുന്നോടിയായി മുഖ്യമന്ത്രി, DGP ഷെയ്ഖ് ദർവേഷ് സാഹിബുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

**************************************************

**പി.വി.അൻവർ**

ADGP എം.ആർ അജിത് കുമാറിനെതിരെയുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട് നാളെ മുഖ്യമന്ത്രിയെ കാണുമെന്ന് പി.വി അൻവർ എം.എൽ.എ. മലപ്പുറത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭയമില്ലാതെ പ്രവർത്തിക്കാനുള്ള സാഹചര്യം പോലീസ് സേനയിൽ ഉണ്ടാകണമെന്നും ശ്രീ അൻവർ ആവശ്യപ്പെട്ടു.

**************************************************

RN

**എം.വി ഗോവിന്ദൻ**

പി വി അൻവർ എം എൽ എയുടെ ആരോപണങ്ങൾ പാർട്ടിയും സർക്കാരും ഗൗരവമായി പരിശോധിക്കുമെന്ന് സി.പി.ഐ.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. കണ്ണൂർ വിമാനത്താവളത്തിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

**************************************************

**കെ.സുരേന്ദ്രൻ പ്രതികരണം**

പി.വി അൻവർ എം എൽ എയുടെ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ അധികാരത്തിൽ തുടരാൻ സംസ്ഥാന സർക്കാരിന് ധാർമികമായി യാതൊരു അർഹതയും ഇല്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. മുഖ്യമന്ത്രി പിണറായി വിജയൻ ഉടൻ രാജിവെക്കണമെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

***************************************************

**ജി ആർ അനിൽ**

സംസ്ഥാനത്ത് ഓണം വില്പനയ്ക്ക് സപ്ലൈക്കോ ഔട്ട്ലെറ്റുകൾ സജ്ജമാകുന്നതായി മന്ത്രി ജി ആർ അനിൽ. 13 ഇനം സബ്സിഡി സാധനങ്ങൾ ഔട്ട്ലെറ്റുകളിലൂടെ വിൽപനയ്ക്ക് എത്തിക്കുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇതിനു പുറമെ ശബരി ഉത്പന്നങ്ങൾ 10 ശതമാനം മുതൽ വിലക്കുറവിലായിരിക്കും വിൽക്കുന്നത്. പ്രമുഖ ബ്രാൻഡുകളുടെ ഉത്പന്നങ്ങൾക്ക് ആകർഷകമായ ഓഫറും ലഭ്യമാക്കുമെന്ന് മന്ത്രി ജി ആർ അനിൽ അറിയിച്ചു.

***************************************************

വയനാട് (ഇൻട്രോ)

വയനാട് ഉരുൾപൊട്ടൽ അതിജീവിച്ച മുണ്ടക്കൈ - ചൂരൽമല സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പുനഃപ്രവേശനോത്സവം മന്ത്രി വി.ശിവകുട്ടി ഉദ്ഘാടനം ചെയ്തു. വെള്ളാർമല ജി.വി.എച്ച്.എസ്, മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലും

മുണ്ടക്കൈ ജി.എൽ.പി സ്കൂൾ, മേപ്പാടി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലുമാണ് പ്രവർത്തിക്കുക. വെള്ളാർമല സ്കൂളിലെ 546 കുട്ടികൾക്കും മുണ്ടക്കൈ സ്കൂളിലെ 61 കുട്ടികൾക്കുമാണ് അധിക സൗകര്യം ഒരുക്കിയത്.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസെന്റ്.....**
( വോയിസ് )

**************************************************

**പ്രതിപക്ഷ നേതാവ്**

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട കുറ്റക്കാർക്ക് സർക്കാർ സംരക്ഷണം ഒരുക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. സെക്രട്ടേറിയറ്റിന് മുന്നിൽ UDF പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**************************************************

RNC

**ബി.ജെ.പി - അംഗത്വ വിതരണ പദ്ധതി**

ബി.ജെ.പി യുടെ അംഗത്വ വിതരണ യജ്ഞമായ **സദ്സ്യത അഭിയാൻ** 2024 ന് ഇന്ന് ഡൽഹിയിൽ തുടക്കമാകും. പാർട്ടി അധ്യക്ഷൻ ജെ.പി.നഡ്ഡയിൽ നിന്ന് പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്രമോദി അംഗത്വം പുതുക്കി സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതോടെ ക്യാമ്പെയ്ന് തുടക്കമാകും. ഈമാസം 25 വരെയാണ് പരിപാടിയുടെ ആദ്യഘട്ടം നടക്കുക.

**************************************************

**കൊൽക്കത്ത പ്രതിഷേധം**

കൊൽക്കത്ത ആർജി കർ ആശുപത്രിയിൽ പീഡനത്തിനിരയായി കൊലചെയ്യപ്പെട്ട ഡോക്ടർക്ക് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധം ശക്തം. ഇന്നലെ നടന്ന രാപകൽ പ്രതിഷേധത്തിൽ പ്രമുഖ ബംഗാളി അഭിനേതാക്കളും സിനിമാ പ്രവർത്തകരും പങ്കെടുത്തു. പ്രതിഷേധ സമരം ഇന്ന് പുലർച്ചെ വരെ നീണ്ടു.

************************************************

**വിഴിഞ്ഞം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നങ്കൂരമിട്ട **മദർ ഷിപ്പ് ഡെയ്‌ല** തുറമുഖം വിട്ടു. മെഡിറ്ററേനിയൻ കമ്പനിയായ m s c യുടെ കപ്പലായ ഡെയ്‌ല കണ്ടെയിനറുകൾ ഇറക്കിയ ശേഷം ഇന്നലെ വൈകിട്ടോടെയാണ് കൊളംബോയിലേക്ക് യാത്രതിരിച്ചത്. എം.എസ്.സിയുടെ **അഡു-5** ഫീഡർ കപ്പലിനെ കഴിഞ്ഞ ദിവസം വിഴിഞ്ഞം തുറമുഖത്തെ ബെർത്തിലടുപ്പിച്ചിരുന്നു.

************************************************

**പിഐബി -ഫാക്ട് ചെക്ക്**

**കൗശൽ ഭാരത് കുശാൽ ഭാരത് യോജനയ്ക്ക്** കീഴിൽ ഉപഭോക്തൃ സേവന പ്രതിനിധികളെ നിയമിക്കുമെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. പദ്ധതിയിലൂടെ ജനങ്ങൾക്ക് 28,000 രൂപയുടെ ഓണറേറിയം വിതരണം ചെയ്യുമെന്ന റിപ്പോർട്ടുകളും അടിസ്ഥാന രഹിതമാണെന്നും പി ഐ ബി ഫാക്ട് ചെക്ക്. നിയമനങ്ങൾക്ക്

മുന്നോടിയായി 1,350 രൂപ രജിസ്ട്രേഷൻ ഫീസ് നൽകണമെന്ന വാർത്തയും മന്ത്രാലയം തള്ളി.

*************************************************

**നാളികേര ദിനം**

കേര വൃക്ഷങ്ങളുടെ പ്രാധാന്യം വിളിച്ചോതി **ഇന്ന് ലോക നാളികേര ദിനം.** "സർക്കുലർ സമ്പദ് വ്യവസ്ഥയ്ക്കായി നാളികേരത്തിന്റെ മൂല്യം പരമാവധി വർധിപ്പിക്കുന്നതിന് കൂട്ടായ്മകൾ കെട്ടിപ്പടുക്കുക" എന്നതാണ് ഇത്തവണത്തെ ദിനാചരണ സന്ദേശം. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ 500 ഓളം കർഷകരും, സംരംഭകരും പങ്കെടുക്കും.

*************************************************

**സംസ്ഥാനങ്ങൾ -മഴ**

രാജ്യത്തിന്റെ മധ്യ - പടിഞ്ഞാറൻ മേഖലയിലും തെക്കൻ സംസ്ഥാനങ്ങളിലും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആന്ധ്രപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽ ശക്തമായ മഴ തുടരുകയാണ്. ഇരു സംസ്ഥാനങ്ങളിലും രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ദേശീയ ദുരന്തനിവാരണ സേനയുടെ ഇരുപത്തിയാറ് സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതം നേരിടുന്ന ആന്ധ്രാപ്രദേശ് - തെലങ്കാന സംസ്ഥാനങ്ങൾക്ക് സാധ്യമായ എല്ലാ സഹായവും ഉറപ്പ് നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു. ശക്തമായ മഴ നാശം വിതച്ച ഗുജറാത്തിൽ നാശനഷ്ടങ്ങൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം മന്ത്രിതല

സംഘത്തിന് രൂപം നൽകി. പ്രളയബാധിത ജില്ലകളിൽ സംഘം ഉടൻ സന്ദർശനം നടത്തും.

**************************************************

**അസ്ന ചുഴലിക്കാറ്റ്**

വടക്ക്- പടിഞ്ഞാറൻ അറബിക്കടലിലെ അസ്ന ചുഴലിക്കാറ്റിന്റെ ശക്തി കുറഞ്ഞ് തീവ്ര ന്യൂനമർദ്ദമായി. തെക്ക് -തെക്ക് പടിഞ്ഞാർ ദിശയിൽ സഞ്ചരിക്കുന്ന തീവ്ര ന്യുന മർദ്ദത്തിന്റെ ശക്തി വീണ്ടും കുറയാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കിഴക്കൻ വിദർഭക്കും തെലങ്കാനയ്ക്കും മുകളിലാണ് തീവ്ര ന്യൂനമർദ്ദം ഇപ്പോൾ സ്ഥിതി ചെയ്യുന്നത്.

**************************************************

**മഴ- സംസ്ഥാനം**

സംസ്ഥാനത്ത് മറ്റന്നാൾ വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥയെ തുടർന്ന് കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**************************************************

**മഴ- ട്രെയിൻ**

കനത്ത മഴയും വെള്ളക്കെട്ടും കാരണം രാജ്യത്തുടനീളം ട്രെയിൻ സർവീസുകൾ തടസപ്പെട്ടു. തിരുവനന്തപുരത്ത് നിന്നും ഇന്ന് പുറപ്പെടേണ്ടിയിരുന്ന കൊച്ചുവേളി - കോർബ എക്സ്പ്രസ്, ബിലാസ്പൂർ-എറണാകുളം എക്സ്പ്രസ്, ബുധനാഴ്ച പുറപ്പെടേണ്ട എറണാകുളം-ബിലാസ്പൂർ

എക്സ്പ്രസ് എന്നിവ പൂർണമായും റദ്ദാക്കി. തിരുനെൽവേലി-ബിലാസ്പൂർ എക്സ്പ്രസ്, കൊച്ചുവേളി - ഖൊരഗ്പൂർ എക്സ്പ്രസ്, ന്യൂഡൽഹി കേരള എക്സ്പ്രസ് ട്രെയിനുകൾ ഇന്ന് വൈകി ഓടും.

**************************************************

**പാരാലിമ്പിക്സ്**

പാരീസിൽ നടക്കുന്ന പാരാലിമ്പിക്സിൽ അഞ്ചാം ദിവസമായ ഇന്ന് അമ്പെയ്ത്ത്, ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ ഇന്ത്യക്ക് മെഡൽ പ്രതീക്ഷ.

പാരാലിമ്പിക്സ് അത്‌ലറ്റിക്സിൽ ഇന്നലെ വനിതകളുടെ 200 മീറ്റർ **T**-35 ഇനത്തിൽ ഇന്ത്യയുടെ പ്രീതി പാൽ വെങ്കല മെഡലും പുരുഷന്മാരുടെ ഹൈ ജംപ് **T**-47 ഇനത്തിൽ ഇന്ത്യയുടെ നിഷാദ് കുമാർ വെള്ളി മെഡലും നേടിയിരുന്നു. മെഡൽ പട്ടികയിൽ ചൈനയാണ് മുന്നിൽ. ഇന്ത്യ 27-ാം സ്ഥാനത്താണ്.

**************************************************

RNU TVPM

**കെ സി എൽ**

കേരളാ ക്രിക്കറ്റ് അസോസിയേഷന്റെ പ്രഥമ കേരള ക്രിക്കറ്റ് ലീഗിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ഈ മാസം 18 വരെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ലീഗിൽ 6 ടീമുകളാണ് മത്സരിക്കുന്നത്. ഇന്ന് ഉച്ചക്ക് 2.30 ന് തൃശൂർ ടൈറ്റൻസും ആലപ്പി റിപ്പിൾസും തമ്മിലാണ് ഉദ്ഘാടന മത്സരം. വൈകുന്നേരം കെ സി എല്ലിന്റെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങ് നടക്കും.

**************************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ മുന്നേറ്റം. ബോംബെ ഒഹരി സൂചിക സെൻസക്സ് 227 പോയിന്റ് നേട്ടത്തിൽ 82,593 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 57 പോയിന്റ് ഉയർന്ന് 25,293 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 200 കുറഞ്ഞ് 53,360 രൂപയും ഗ്രാമിന് 25 രൂപ താഴ്ന്ന് 6,670 രൂപയുമാണ് ഇന്നത്തെ വില.

************************************************

**പി.രാജീവ്**

ഫുഡ് ടെക്നോളജി വ്യവസായ മേഖലയിൽ രാജ്യത്തിന്റെ ഹബ്ബാകാനുള്ള ശ്രമത്തിലാണ് കേരളമെന്ന് മന്ത്രി പി.രാജീവ്. എറണാകുളത്ത് '**കേരള ഫുഡ് ടെക് കോൺക്ലേവ്**' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫിഷറീസ് രംഗത്ത് ഉൾപ്പടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കണമെന്ന് മന്ത്രി പറഞ്ഞു.

************************************************************************************************

************************************************